കുമാരപിള്ള കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള ആനുകൂല്യം

* 35 [35] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്തു സൂപ്പി:
,, പി.കെ.കെ. ബാവ:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതു മൂലം കുറഞ്ഞ ശമ്പളക്കാരായ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ കുട്ടികൾക്ക് കുമാരപിള്ള കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള ആനുകൂല്യം ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനു മുൻപ് കുമാരപിള്ള കമ്മീഷൻ അനുസരിച്ചുള്ള ആനുകൂല്യം ലഭിച്ചിരുന്നവർക്ക് തുടർന്നും ഈ സൗജന്യം ലഭിക്കത്തക്ക രീതിയിൽ വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ അദ്ധ്യയന വർഷം മുതൽതന്നെ പ്രസ്തുത ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ വരുമാനപരിധി വർദ്ധിപ്പിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്.

(ബി, സി) ഈ കാര്യം ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

പൊതുമരാമത്ത് കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുള്ള സംഖ്യ

* 36 [36] ശ്രീ. ഒ. രേതൻ:
,, കെ.പി. പ്രഭാകരൻ:
,, കെ.വി. സുരേന്ദ്രനാഥ്:
ഡോ. എ. സുബ്ബറാവു:
ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മാർച്ച് 31 വരെ പൊതുമരാമത്ത് കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഖ്യ ലഭിക്കാത്തതുകൊണ്ട് പല കരാറുകാരും പുതിയ പ്രവർത്തികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെള്ളപ്പൊക്കദുരിതാശ്വാസ വർക്കിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പണികൾ പൂർത്തിയായിട്ടുണ്ടോ? ആ വകയിൽ കൊടുത്തു തീർക്കാൻ ബാക്കിയുള്ള സംഖ്യ എത്ര;

(ഡി) പൊതുമരാമത്ത് വകുപ്പു 1985–86–ൽ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാൻ എത്ര സംഖ്യ കൂടിശ്ശിക വരുത്തിയിട്ടുണ്ട്;

(ഇ) കരാറുകാർക്ക് കൊടുത്തു തീർക്കാൻ ബാക്കിയുള്ള സംഖ്യ എത്ര നാളുകൊണ്ടകം കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) 1910.19 ലക്ഷം രൂപ
(ബി) ഇല്ല

(സി) ചില പണികൾ പൂർത്തിയായിട്ടില്ല. ആ വകയിൽ കൊടുത്തു തീർക്കാനുള്ള സംഖ്യ 86.82 ലക്ഷം രൂപയാകുന്നു.

(ഡി) 1910.19 ലക്ഷം രൂപ.

(ഇ) ഈ വർഷം കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരള ജല–മലിനജല അതോറിറ്റിയിലെ നിയമനങ്ങൾ

* 37 [37] ശ്രീ. സി.കെ. തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, ഇ. പത്മനാഭൻ:
ശ്രീമതി കെ.ആർ. ഗൗരി:
ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല–മലിനജല അതോറിറ്റി രൂപീകരിച്ച ശേഷം നടന്ന നിയമനങ്ങൾ എത്രയാണ്; അതിൽ പെൻഷൻപറ്റിപിരിഞ്ഞ എത്ര പേർക്കാണ് പുനർനിയമനം നൽകിയിട്ടുള്ളത്;

(ബി) 1–4–1984–നു ശേഷം എച്ച്.ആർ. വ്യവസ്ഥയിൽ എത്ര പേരുടെ സേവനം അതോറിറ്റിയിൽ ഉപയോഗിക്കുന്നുണ്ട്. ഇതിനുവേണ്ടി ചെലവാക്കിയിട്ടുള്ള തുകയെത്ര;

(സി) ജല–മലിനജല അതോറിറ്റിയിൽ നടന്ന നിയമനങ്ങളെപ്പറ്റിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ;

(ഡി) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ വിവിധ തസ്തികകളിലേക്ക് നിലവിലിരിക്കുന്ന സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly